**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5433** **24-03-2025 - ൽ മറുപടിയ്ക്ക്**

**സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ മേൽമുറി വില്ലേജ് ഓഫീസിൽ 33 വർഷമായി കാഷ്വൽ സ്വീപ്പർ ആയി ജോലി ചെയ്തു വരുന്ന ദേവകി, കൊടിയേടത്ത് വീട്, കാടാമ്പുഴ എന്നയാളെ പ്രസ്തുത തസ്തികയിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് നിവേദനം ലഭ്യമായിട്ടുണ്ടോ; | (എ) | പി.റ്റി.എസ് തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപോസൽ ലഭിച്ചിരുന്നു. |
| (ബി) | ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | തിരൂർ താലൂക്കിലെ മേൽമുറി വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പർ, ശ്രീമതി ദേവകിയെ ടി ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ 18.05.2023 ലെ LR/5630/2023-LR(N3) നമ്പർ കത്ത് പ്രകാരം ശിപാർശ ചെയ്ത് ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാറിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസൽ പരിശോധിക്കുകയും, 25.11.2005 ന് മുമ്പ് നിയമിതരായവരും എന്നാൽ സ്വീപ്പിങ് ഏര്യ 25.11.2005 ന് ശേഷം 100 ച.മീറ്ററിൽ അധികരിച്ചതുമായ ഓഫീസുകളിൽ ജോലി നോക്കിവരുന്ന കാഷ്വൽ സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് ഒരു പൊതു നയം രൂപീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ പരിശോധിച്ച് വരികയാണെന്നും ഇതിൽ അന്തിമ തീരുമാനമാകുന്ന മുറയ്ക്ക് പ്രസ്തുത പ്രൊപ്പോസൽ പുന:സമർപ്പിക്കേണ്ടതാണെന്നും 14.06.2023 ലെ REV-T1/113/2023-REV നമ്പർ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണറെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ